**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6396** **10-11-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് ഉയർന്ന പ്രായപരിധി എത്രയാണെന്ന് വിശദമാക്കാമോ; | (എ) | സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരാകുവാനുള്ള ഉദ്യോഗാർത്ഥികളുടെ ഉയർന്ന പ്രായപരിധി 40വയസ്സാണ്. ഒ.ബി.സി വിഭാഗക്കാർക്ക് മൂന്ന് വയസ്സിന്റേയും എസ്.സി/എസ്.ടി വിഭാഗക്കാർക്ക് 5 വയസ്സിന്റേയും ഇളവ് ലഭിക്കും. സർക്കാർ വിദ്യാലയങ്ങളിൽ അദ്ധ്യാപക നിയമനം നടത്തുന്നത് പി.എസ്.സി മുഖേനയാണ്. അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിനായി നടത്തപ്പെടുന്ന മത്സര പരീക്ഷകളുടെ വിജ്ഞാപനത്തിൽ ഉദ്യോഗാർത്ഥികളുടെ ഉയർന്ന പ്രായപരിധി സംബന്ധിച്ച വിവരങ്ങൾ പി.എസ്.സി ഉൾക്കൊള്ളിച്ച് വരുന്നുണ്ട്. |
| (ബി) | കോവിഡ്-19 ബാധയെ തുടർന്നുള്ള കാലയളവിൽ നിയമനം നൽകിയ അദ്ധ്യാപകർക്ക് വയസ്സിളവ് അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | സർക്കാർ സ്കൂളുകളിൽ നിയമനത്തിനായി പി.എസ്.സി മത്സര പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി വിജ്ഞാപാനത്തിൽ നിർദ്ദേശിക്കുന്ന പ്രായപരിധിയാണ് നിലവിൽ ബാധകമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ